**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

തിരുത്തൽ വിജ്ഞാപനം

നമ്പർ.DR4-2/3/2024-KPSC തിരുവനന്തപുരം, 2024 ഒക്ടോബർ 29

30.08.2024 തീയതിയിലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 288/2024 ആയി പ്രസിദ്ധീകരിച്ച വിദ്യാഭ്യാസ വകുപ്പിലെ എൽ.പി.സ്കൂൾ ടീച്ചർ (മലയാളം മാധ്യമം) (തസ്തികമാറ്റം വഴിയുള്ള നിയമനം) തസ്തികയുടെ തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനത്തിന്റെ മലയാളം പതിപ്പിൽ 'ഇനം 7- യോഗ്യതകൾ'-ക്ക് താഴെയുള്ള ക്രമ നമ്പർ 1,2 എന്നിവ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം തിരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

1. കേരള സർക്കാരിന്റെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തത്തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ എതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

2. കേരള സർക്കാർ പരീക്ഷ കമ്മീഷണർ നടത്തുന്ന ടി.ടി.സി. പരീക്ഷ വിജയിച്ചിരിക്കണം.

വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

***സാജു ജോർജ്ജ്***

സെക്രട്ടറി

കേരള പബ്ലിക് സർവീസ് കമ്മീഷൻ